(ബി) ഹിഷ് ഹാമിന്റെ വടക്കുവശത്ത് കൽകെട്ടിന്റെ പണി അവസാന ഘട്ടത്തിലും, ഹാം കെട്ടിടം, നടപ്പാലം എന്നിവയുടെ പണി പുരോഗതിയിലു മാണ്. കൂടാതെ ഹാമിലെ മത്സ്യ പ്രജനന സൗകര്യങ്ങൾക്കായി ഓവർഹെഡ് വാട്ടർ ടാങ്ക്, റിയറിംഗ് ടാങ്കുകൾ എന്നിവയുടെ പണിയും ആരംഭിച്ചിട്ടുണ്ട്.

കാവിൽ കമ്പനിയിൽ സർക്കാരിന്റെ ഷെയർ

209 (4833) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന സർക്കാർ അലങ്കാര മത്സ്യ വിപണി വികസനത്തി നായി പുതുതായി രൂപീകരിച്ച 'കാവിൽ' (കേരള അക്വാകൾച്ചേഴ്സ് ലിമിറ്റഡ്) എന്നു പേരുള്ള കമ്പനിയിൽ സർക്കാരിനെത്ര ഷെയറുണ്ട് ; ഷെയർ ഇനത്തിൽ സർക്കാർ മുതൽ മുടക്കിയിട്ടിണ്ടോ ; എങ്കിൽ എത്ര തുക കമ്പനിക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കമ്പനിയിൽ സർക്കാർ ഷെയറല്ലാതെ മറ്റ് ഓഹരി നിക്ഷേപങ്ങൾ ഉണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ :

(സി) കമ്പനിക്കുവേണ്ടി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള എത്ര മത്സ്യവിത്തു ഹാച്ചറികൾ, ഹാമുകൾ, അക്വേറിയങ്ങൾ, മറ്റു ഫിഷറീസ് സ്ഥാപനങ്ങൾ എന്നിവ കൈമാറിയിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) കൈമാറ്റം ചെയ്ത ഫിഷറീസ് വകുപ്പ് സ്ഥലങ്ങളും കെട്ടിട ങ്ങളും മറ്റ് സൗകര്യങ്ങളും എന്തടിസ്ഥാനത്തിലാണ് കൈമാറിയിട്ടുള്ളത് ; എന്ത് വ്യവസ്ഥയാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി ചെയർമാനും ഫിഷറീസ് മന്ത്രി വൈസ് ചെയർമാനും 50% ഡയറക്ടർ ബോർഡ് അംഗങ്ങൾ സർക്കാർ നോമിനികളുമായിട്ടുള്ള കാവിൽ എന്ന കമ്പനിയിൽ സർക്കാരിന് ഇപ്പോൾ 43.5% ഷെയറുണ്ട്. 199 വർഷം രൂപ ബഡ്ജറ്റിൽ നിന്ന് ഷെയർ ഇനത്തിൽ സർക്കാർ മുതൽമുട ക്കിയിട്ടുണ്ട്. ഇതിന് പുറമെ മത്സ്യഫെഡിനും ഷെയർ നൽകിയിട്ടുണ്ട്. KSIDC ക്കും ഷെയർ നൽകാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. സഹകാരി സംരംഭകർക്ക് ഇപ്പോൾ 56.5% ഓഹരി നിക്ഷേപങ്ങൾ ഉണ്ട്. മത്സ്യഫെഡിനും KSIDC-ക്കും നൽകുന്ന ഷെയറുകൾകൂടി കണക്കിലെടുക്കുമ്പോൾ ഈ അനുപാതത്തിൽ മാറ്റം വരും. ഹണ് എടുക്കുന്ന സഹകാരി സംരംഭകർക്ക് 25 ലക്ഷം രൂപയും, സാറ്റ്ലൈറ്റ് ഫാമുകൾക്ക് 12.5 ലക്ഷം രൂപയുമാണ് ഷെയർ.

(സി) കമ്പനിക്കുവേണ്ടി കടുങ്ങല്ലൂരിൽ 9.5 ഏക്കർ സർക്കാർ ഭൂമി 30 വർഷത്തെ ലീസ് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. മത്സ്യവിത്ത് ഹാച്ചറികൾ, അക്വേറിയങ്ങൾ, മറ്റു ഫിഷറീസ് സ്ഥാപനങ്ങൾ എന്നിവ കൈമാറിയിട്ടില്ല.

(ഡി) കമ്പനിക്കുവേണ്ടി കടുങ്ങല്ലൂരിൽ 9.5 ഏക്കർ സർക്കാർ ഭൂമി 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്.

മത്സ്യബന്ധന തുറമുഖവും ഫിഷ് ലാന്റിംഗ് സെന്ററും നവീകരിക്കുന്നതിന് നടപടി

210 (4834) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തുറമുഖവും ഫിഷ് ലാന്റിംഗ് സെന്ററുകളും ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2006-07 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷംവരെ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്ര വീതമാണ് ;

(സി) ഇതിലേക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര വീതമായിരുന്നു ;

(ഡി) മേൽ കേന്ദ്രങ്ങളുടെ നവീകരണവും വികസനവും ലക്ഷ്യമാക്കി തയ്യാറാക്കിയ ഏതെങ്കിലും പദ്ധതികൾക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ. കെ. വി. വൈ) എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ കേന്ദ്രത്തിൽ ഉന്നയിച്ചിരുന്നുവോ; കേന്ദ്രത്തിൽ നിന്ന് എത്ര തുക അനുവദിച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂർണ്ണമായും പൂർത്തിയായ 9 മത്സ്യബന്ധന തുറമുഖങ്ങളും, പണി നടന്നുകൊണ്ടിരിക്കുന്ന 10 മത്സ്യബന്ധന തുറമുഖങ്ങളും പ്രവർത്തനക്ഷമമായ 43 മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും ഉണ്ട്.

(ബി)
	2006-07	-	728.515 ലക്ഷം രൂപ
	2007-08	-	200.00 ലക്ഷം രൂപ
	2008-09	-	700.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly